# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3036 07.02.2018- ൽ മറുപടിയ്ക്ക്

## നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.കെ.രാജൻ | പ്രൊഫ സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്ക് (എൻ.എസ് ക്യു.എഫ്) എന്ന കേന്ദ്രാവിഷ്കൃത തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ | എ) സെക്കണ്ടറി ഹയർ സെക്കണ്ടറി തലത്തിൽ ഉയർന്ന നിലവാരത്തിലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ഡിമാൻറ് അടിസ്ഥാനമാക്കിയുള്ള മോഡ്യൂലാർ വൊക്കേഷണൽ കോഴ്സുകൾ ഒൻപതാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. രാജ്യം മുഴുവൻ ഒരേ കോഴ്സിന് ഒരേ സർട്ടിഫിക്കറ്റ് എന്നത് ഇതിന്റെ പ്രത്യേകതയാണ്.<br>വിദ്യാഭ്യാസ വ്യവസ്ഥയെ തൊഴിൽ വിദ്യാഭ്യാസവുമായി കോർത്തിണക്കുന്ന ദേശീയ നൈപുണി ചട്ടക്കൂടാണ് എൻ. എസ്.ക്യു.എഫ്. ഇത് കാര്യക്ഷമതയെ (Competence) അടിസ്ഥാനമാക്കിയുള്ള പഠനരീതിയാണ്. പഠിതാവിന്റെ അറിവും വൈദഗ്ധ്യവും അഭിരുചിയും അടിസ്ഥാനപ്പെടുത്തി മാനദണ്ഡങ്ങളുണ്ടാക്കി സർട്ടിഫിക്കറ്റ് നൽകുന്ന രീതിയാണിത്. പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകുന്ന എൻ.എസ്. ക്യു എഫ് അന്താരാഷ്ട്ര നിലവാരം ഉറപ്പാക്കുന്നുമുണ്ട്. കേന്ദ്രനൈപുണി വികസന മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷൻ (എൻ. എസ്. ഡി.സി.); കാർഷിക, വ്യവസായിക, സേവന മേഖലകളിലായി 38 കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവയെ സെക്ടർ സ്കിൽ കൗൺസിലുകൾ (എസ്.എസ്.സി.) എന്നു വിളിക്കുന്നു. പ്രസ്തുത എസ്.എസ്.സികൾ എൻ. എസ്. ഡി.സി യുമായി ചേർന്ന് ഓരോ തൊഴിലിനും വേണ്ട കരിക്കുലം നിശ്ചയിക്കുന്നു. ഇതിനെ നാഷണൽ ഒക്കുപ്പേഷണൽ സ്റ്റാൻഡേർഡ്സ് (എൻ. ഒ.എസ്.) എന്നു വിളിക്കുന്നു. എൻ.ഒ.എ.എസ്. നെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന കോഴ്സുകളെ ക്വാളിഫിക്കേഷൻ |

പാക്കുകൾ (ക്യു.പി.) എന്നു വിളിക്കുന്നു. പ്രസ്തുത ക്യു.പി. കൾ രാജ്യത്ത് എല്ലായിടത്തും ഒരേ നിലവാരത്തിലുള്ള പഠനം ഉറപ്പാക്കുന്നു. കാര്യക്ഷമതയിലൂന്നിയ തൊഴിൽ നൈപുണി വിലയിരുത്തലാണ് എൻ.എസ്.ക്യു.എഫ്. വിഭാവനം ചെയ്യുന്നത്.

ബി) എൻ.എസ്. ക്യൂ.എഫ് അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്ത വിദ്യാഭ്യാസ കോഴ്സുകൾക്ക് സർക്കാർ സഹായം ലഭ്യമാകില്ല എന്നത് ശരിയാണോ; വ്യക്തമാക്കാമോ

ബി) ശരിയാണ്. ദേശീയ നൈപുണ്യ വികസന പദ്ധതി നടപ്പിലാക്കാത്ത സംസ്ഥാനങ്ങൾക്ക് 2018 ഡിസംബറിന് ശേഷം ഫണ്ടുകൾ അനുവദിക്കില്ല എന്ന കേന്ദ്ര നിർദ്ദേശമുണ്ട്.

സി) കേന്ദ്രസർക്കാർ തൊഴിലുകൾ നേടുന്നതിനായി എൻ.എസ്.ക്യൂ.എഫ് പദ്ധതിയ്ക്ക് അനുസരണമായ യോഗ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷകർ നൽകേണ്ടിവരുമോ; വിശദാംശം നൽകുമോ

സി) നൽകേണ്ടിവരും. രാജ്യത്തെ വിവിധ തസ്തികകളുടെ യോഗ്യതകൾ അതത് ട്രേയിഡുകളിലെ എൻ.എസ്. ക്യൂ.എഫ്. സർട്ടിഫിക്കറ്റുകൾക്ക് അനുസൃതമായി പരിഷ്കരിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 2013 ഡിസംബർ 28-ന് കേന്ദ്ര തൊഴിൽ മാനവ വിഭവശേഷി മന്ത്രാലയം (എം.എച്ച്.ആർ.ഡി.) എൻ.എസ്.ക്യു.എഫ്. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവു പ്രകാരം 2018 ഡിസംബർ 28നു മുൻപ് എല്ലാ സംസ്ഥാനങ്ങളും 9-ാം ക്ലാസ്സു മുതൽ എൻ.എസ്.ക്യു.എഫിലേക്ക് മാറേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഡി) എൻ.എസ്.ക്യൂ.എഫ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ

ഡി) ഉണ്ട്. ദേശീയ നൈപുണ്യ വികസന ചട്ടക്കൂടായ എൻ.എസ്. ക്യൂ.എഫ് (NSQF) അധിഷ്ഠിതമായ കോഴ്സുകൾ 2018 ജൂൺ മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തിലെ എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകളിലും എല്ലാ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലും എൻ.എസ് ക്യൂ.എഫ് അധിഷ്ഠിത തൊഴിൽ വിദ്യാഭ്യാസം 2018 ജൂൺ മുതൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

ഇ) നിലവിൽ 20 സ്കൂളുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതി സംസ്ഥാനത്താകെ നടപ്പിലാക്കുന്നതിന് പര്യാപ്തമാണോ എന്നറിയിക്കാമോ

ഇ) പ്രസ്തുത പൈലറ്റ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും സംസ്ഥാനത്ത് ആരംഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ